*⇨ പ്രേതഞണ്ടുകളെ തിരയലായിരുന്നു അന്നു രാത്രിയിലെ ഞങ്ങളുടെ സാഹസം ⇨*

**ഒരു** ശരത്ക്കാല രാത്രിയിൽ, ഇരുപതുമാസം മാത്രം പ്രായമുള്ള എന്റെ അനന്തരവൻ റോജറിനെ ഒരു കമ്പിളികൊണ്ട് പൊതിഞ്ഞെടുത്ത് ഞാൻ കടലോരത്തെ ഇരുളിലേയ്ക്കും മഴയിലേയ്ക്കുമിറങ്ങി. അവിടെ, കാഴ്ചയുടെ അങ്ങേ തുമ്പത്ത് മേഘനാദത്തോടെ ആർത്തുകയറുന്ന വമ്പൻ തിരമാലകൾ ഒരു കുടന്ന വെൺനുരകൾ ഞങ്ങൾക്കു നേദിച്ചു. അകളങ്ക ആഹ്ലാദത്തിൽ ഞങ്ങൾ പൊട്ടിച്ചിരിച്ചുകൊണ്ടേയിരുന്നു. കടലിന്റെ വന്യാരവവുമായുള്ള ആദ്യ സമാഗമത്തിൽ അവൻ, എനിക്കുള്ളിലോ ജീവിതപ്പാതിയോളം പോന്ന കടൽപ്രണയത്തിന്റെ ഉപ്പുപരലുകൾ. പക്ഷെ, വിസ്തൃത സാഗരത്തിന്റെ ഗർജ്ജനവും ഞങ്ങളെ ചൂഴ്ന്നു നിന്ന വന്യരാത്രിയും ഒരേ നട്ടെല്ലുതരിപ്പൻ അനുഭവം തയൊണ് ഞങ്ങൾക്കിരുവർക്കും പകർന്നു തന്നതെന്ന് എനിക്കു തോന്നുന്നു.

# വിസ്മയം എന്ന ഐന്ദ്രികാനുഭവം

'സൈലന്റ് സ്പ്രിംഗ്' എന്ന പുസ്തകത്തിലൂടെ പ്രശസ്തയായ പരിസ്ഥിതി സംരക്ഷണ പ്രവർത്തക റേച്ചൽ കാഴ്സൺ എഴുതിയ 'ദ സെൻസ് ഓഫ് വണ്ടർ' എന്ന പുസ്തകത്തിലെ ഒരദ്ധ്യായം. റേച്ചൽ കാഴ്സൺന്റെ മരണാനന്തരം പുറത്തിറങ്ങിയ ഈ പുസ്തകം നൈസർഗിക വിദ്യാഭ്യാസം കുട്ടികൾക്ക് എങ്ങനെ നൽകാം എന്നതിനെക്കുറിച്ച് ഒരുപാട് ചിന്തകൾ മുന്നോട്ട് വയ്ക്കുന്നു.

**റേച്ചൽ കാഴ്സൺ**

മൊഴിമാറ്റം: പ്രവീൺ രാമചന്ദ്രൻ

ഒന്നോ രണ്ടോ രാത്രികൾക്കു ശേഷം പെരുങ്കാറ്റ് അടങ്ങിയ കടലോരത്തേയ്ക്ക് വീണ്ടും ഞാൻ റോജറിനെയുമെടുത്ത് പോയി. ഇത്തവണ ഫ്ളാഷ്ലൈറ്റിന്റെ മഞ്ഞവെളിച്ചത്താൽ ഇരുളിനെ തുളച്ചുകൊണ്ട് വെള്ളത്തിനരികുവരെ. ആ മഴയില്ലാരാത്രി തിരമാലത്തകർച്ചകളാലും ശാഠ്യക്കാരൻ കാറ്റാലും പതിവുപോലെ ശബ്ദമുഖരിതമായിരുന്നു. മഹത്തും ആദിമവുമായ എന്തൊക്കെയോ ആ സ്ഥലകാലങ്ങളിൽ നിഹിതമായിരുന്നു എന്നത് സുവ്യക്തമാണ്.

കടലോരപ്പകൽനേരങ്ങളിൽ ഒരു മിന്നായം പോലെ മാത്രം റോജർ കണ്ടിട്ടുള്ള, മണൽനിറവും ചടുലപാദങ്ങളുമുള്ള പ്രേതഞണ്ടുകളെ തിരയലായിരുന്നു അന്നു രാത്രിയിലെ ഞങ്ങളുടെ സാഹസം. പ്രേതഞണ്ടുകൾ പൊതുവെ രാത്രീഞ്ചരന്മാരാണ്. തിരമാലകൾ കരതൊടുന്ന തീരരേഖയിൽ കുഞ്ഞു കുഴികളുണ്ടാക്കി അവയിലൊളിച്ച്, കടൽ തങ്ങൾക്കായി കൊണ്ടുവരുന്നതെന്തെന്നു നോക്കിയിരിപ്പാണ് അവ എന്നു തോന്നും.

കടലിന്റെ വന്യശക്തിയ്ക്കെതിരെ ഏകാന്തരായി പേലവത്വത്തോടെ വർത്തിക്കുന്ന ഈ കുഞ്ഞുജീവികളുടെ കാഴ്ച എന്നിലുണർത്തുന്ന ദാർശനികമായ സങ്കീർണ്ണഭാവങ്ങൾ റോജറിനും അതേകണക്ക് ഉണ്ടായി എന്നു ഭാവിക്കുകയല്ല ഞാൻ. കാറ്റുപാട്ടിനെയോ ഇരുളിനെയോ അലറുന്ന തിരമാലകളെയോ തെല്ലും ഭയപ്പെടാതെ, ശൈശവവ്യഗ്രതയോടെ അവൻ പ്രേതഞണ്ടുകൾക്കായി തിരച്ചിലിനിറങ്ങി.

*➪ ഈ പങ്കിടലിന്റെ അടിസ്ഥാനം, പഠിപ്പിക്കൽ എന്നതിലുപരി ഒന്നിച്ചു രസിക്കൽ തന്നെയായിരുന്നു ➪*



അവന്റെ കുഞ്ഞുന്നാളിലാരംഭിച്ച, ഇപ്പോൾ അവന്റെ നാലാം പിറന്നാളിനു ശേഷവും തുടരുന്ന ഞങ്ങളുടെ പ്രകൃതിയിലേക്കുള്ള സാഹസിക യാത്രകൾ, ഒരു പൊടിക്കുഞ്ഞിന്റെ വിനോദത്തിനായുള്ള സാമ്പ്രദായിക രീതിയേയല്ല എന്നു ഞാൻ കരുതുന്നു. പക്ഷെ, എനിക്കറിയാം അതിന്റെ പരിണാമം നല്ലതുതന്നെയായിരുന്നു. രാവും പകലുമുള്ള പ്രകൃതിയുടെ ഉഗ്രതയും ശാന്തതയും ഉൾച്ചേർന്ന ഈ പങ്കിടലിന്റെ അടിസ്ഥാനം, പഠിപ്പിക്കൽ എന്നതിലുപരി ഒന്നിച്ചു രസിക്കൽ തന്നെയായിരുന്നു.

അസൗകര്യം ഉണ്ടാക്കും എന്നതിനാലോ, ഉറക്കത്തെ അലോസരപ്പെടുത്തും എന്നതുകൊണ്ടോ, ചവിട്ടുമെത്തയിൽ നിന്നും മണ്ണുനീക്കേണ്ടിവരും എന്നതിനാലോ സാധാരണയായി മുതിർന്നവർ കുഞ്ഞുങ്ങൾക്ക് നിഷേധിക്കുന്ന എല്ലാ കാര്യങ്ങളും ഞങ്ങൾ അവനുമായി പങ്കിടുക മാത്രമാണ് ചെയ്തത്

മെയ്ൻ തീരത്തേയ്ക്കുള്ള റോജറിന്റെ ആദ്യ സന്ദർശന വേളയിൽ കാട്ടിലൂടെ നടക്കവേ സസ്യങ്ങളെയും മൃഗങ്ങളെയും പേരിട്ടു വിളിക്കുവാനോ, അവനോട് അവയെക്കുറിച്ച് വിശദീകരിക്കുവാനോ ബോധപൂർവ്വമായ ഒരു ശ്രമവും ഞാൻ നടത്തിയില്ല. പക്ഷെ, ഒരു മുതിർന്ന മനുഷ്യനോടെന്ന പോലെ എന്റെ കണ്ടുപിടിത്തങ്ങൾ പങ്കിട്ടുകൊണ്ട് അതിലേയ്ക്കുമിതിലേയ്ക്കുമെല്ലാം അവന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊണ്ട്, ഞങ്ങൾ കാണുന്ന കാഴ്ചകളിലെ എന്റെ ആനന്ദത്തെ ഞാൻ വെളിപ്പെടുത്തി. പിന്നീട് എന്റെ കൊച്ചുവനത്തിലെ സസ്യജാലങ്ങളെക്കുറിച്ചുള്ള വർണ്ണ സ്ലൈഡുകൾ പ്രദർശിപ്പിക്കവെ, റോജറിന് അവ തിരിച്ചറിയാനാവുന്നതു കണ്ട്, അവന്റെ മനസ്സിൽ ആ പേരുകൾ എങ്ങനെ മുദ്രിതമായി എന്നോർത്ത് ഞാൻ വല്ലാണ്ട് ആശ്ചര്യപ്പെട്ടു. 'അത് റേച്ചലിന് ഇഷ്ടമുള്ള ഒരു ബഞ്ച് ബെറി ആണെല്ലോ!' എന്നോ 'ദാ.....അതിന്റെ പഴം തിന്നാൻ പാടില്ലട്ടോ, അതു അണ്ണാറക്കണ്ണന്മാർക്കുള്ളതാണ്', എന്നാണവന്റെ വിസ്മയം. ആവേശകരമായൊരു കണ്ടുപിടിത്തത്തിലേയ്ക്കുള്ള രണ്ടു സുഹൃത്തുക്കളുടെ സാഹസിക യാത്രയിലെന്നപോലെ കാര്യങ്ങളെ അറിയുമ്പോൾ, പേരുകൾ ഉള്ളിലുറപ്പിച്ചു നിർത്താനുള്ള ആവർത്തന പരിശീലനങ്ങൾ അല്പവും വേണ്ടിവരില്ല എന്നെനിക്കുറപ്പുണ്ട്. അസൗകര്യം ഉണ്ടാക്കും എന്നതിനാലോ, ഉറക്കത്തെ അലോസരപ്പെടുത്തും എന്നതുകൊണ്ടോ, ചവിട്ടുമെത്തയിൽ നിന്നും മണ്ണുനീക്കേണ്ടിവരുമെന്നതിനാലോ സാധാരണയായി മുതിർന്നവർ കുഞ്ഞുങ്ങൾക്ക് നിഷേധിക്കുന്ന എല്ലാ കാര്യങ്ങളും ഞങ്ങൾ അവനുമായി പങ്കിടുക മാത്രമാണ് ചെയ്തത്. പൂർണ്ണ ചന്ദ്രൻ താണുതാണു കടലോരത്തേയ്ക്കിറങ്ങുന്ന നിറനിലാവിൽ, രജതവർണ്ണ ജ്വാലകളോടെ വെട്ടിത്തിളങ്ങുന്ന കടൽ ജലവും, ഓരത്തെ പാറകളിലെ മൈക്കത്തരികളിൽ വെളിച്ചം വീഴുമ്പോൾ ആയി

രം വജ്രങ്ങൾ വിതറിയതുപോലെയുള്ള തിളക്കവും കാണാൻ ലിവിംഗ് റൂമിലെ ജനാലയ്ക്കരികിൽ ഞങ്ങൾക്കൊപ്പം അവനേയും കൂട്ടി. വർഷാവർഷങ്ങളായ് അവന്റെ കുഞ്ഞുമനസ്സ് രേഖപ്പെടുത്തിയ ഇത്തരം ചിത്രങ്ങൾക്കുപിന്നിലുള്ള ഓർമ്മകൾ കുഞ്ഞുനാളിലെ നിദ്രാവിഹീന (പ്രകൃത്യന്വേഷണങ്ങൾക്ക് ഇറങ്ങിയതിനാൽ) രാവുകളെക്കാൾ വിലപ്പെട്ടതായി അവനു പിൽക്കാലത്തു തോന്നിയേക്കാം. കഴിഞ്ഞ വേനിലെ അവന്റെ വരവിനുശേഷം ഒരു മുഴുതിങ്കൾരാത്രിയിൽ അവന്റേതായ പ്രത്യേക രീതിയിൽ അതങ്ങനെ തന്നെയായിരുന്നു എന്ന് അവനെന്നോട് പറഞ്ഞു. ശാന്തനായി എന്റെ മടിയിലിരുന്ന് ചന്ദ്രനും കടലും വിശാലാകാശവും നിരീക്ഷിച്ചുകൊണ്ട് അവൻ മന്ത്രിച്ചു 'ഞങ്ങൾ തിരിച്ചെത്തിയതിൽ ഞാൻ സന്തോഷിക്കുന്നു'.

ഒരു കുഞ്ഞിന്റെ ലോകം നിത്യനൂതനവും വിസ്മയങ്ങൾ നിറഞ്ഞതും ആവേശഭരിതവുമാണ്. മുതിർ മനുഷ്യരാകുമ്പോഴേയ്ക്കും നമ്മിൽ പലർക്കും കുഞ്ഞുങ്ങളുടെ ഈ തെളിക വീക്ഷണവും സൗന്ദര്യവും പ്രചോദനവും തിരിച്ചറിയാനുള്ള സഹജാവബോധവും മങ്ങിത്തുടങ്ങുകയോ പൂർണ്ണമായും അസ്തമിച്ചു പോകുകയോ ചെയ്യുന്നു. വരമരുളാൻ ഒരു ദേവത എന്റെ മുന്നിൽ പ്രത്യക്ഷയായാൽ, കൃത്രിമത്വങ്ങളിലുള്ള വന്ധ്യമായ മുഴുകലിൽ നിന്നും, നമ്മുടെ ഊർജ്ജകേന്ദ്രത്തിൽ നിന്നുള്ള അന്യവൽക്കരണത്തിന്റെ മോഹനിദ്രയിൽ നിന്നും നമ്മെ ഉണർത്തുന്നതും, ഹാനിയില്ലാതെ നിലനിൽക്കുന്നതുമായ വിസ്മയം എന്ന ഇന്ദ്രിയാനുഭവവരം ഈ ലോകത്തിലെ ഓരോ കുഞ്ഞിനുമായി ഞാൻ ആവശ്യപ്പെടും.

ഒരു കുഞ്ഞിന്റെ വിസ്മയാനുഭവം ജീവത്തായി നിലനിൽക്കണമെങ്കിൽ, നാം ജീവിക്കുന്ന ലോകത്തിന്റെ രഹസ്യങ്ങളും ആവേശത്തുടിപ്പുകളും ആഹ്ലാദങ്ങളും വീണ്ടെടുക്കാൻ, കുഞ്ഞിനോടൊപ്പം കൂടു, ഒരു മുതിർന്ന ആളിന്റെയെങ്കിലും കൂട്ട് അവനു വേണ്ടതുണ്ട്. ഒരുവശത്ത് അറിയാനുള്ള ത്വരയും സംവേദനത്വം തുളുമ്പുന്ന കുഞ്ഞുമനസ്സും, മറുവശത്ത് ക്രമീകൃതമാക്കാനും അറിയാനും ശ്രമിക്കുന്തോറും വിപുലവും അപരിചിതവുമായി മാറുന്ന ലോകത്തിന്റെ ഭൗതിക പ്രകൃതിയും രക്ഷിതാക്കളിലൊരു അപര്യാപ്തതാബോധം എപ്പോഴുമുണർത്തുന്നു. പരാജയഭാവത്തിൽ അവരിങ്ങനെ അതിശയിച്ചേക്കാം. 'എന്റെ കുഞ്ഞിനെ ഞാനെങ്ങനെ പ്രകൃതിയെക്കുറിച്ച് പഠിപ്പിക്കും; ഒരു പക്ഷിയെ മറ്റൊന്നിൽ നിന്നു തിരിച്ചറിയാൻ പോലും എനിക്കാവതില്ലല്ലോ'.

കേരളീയം
**പുസ്തകശാല**
പ്രസിദ്ധീകരിക്കുന്ന
**ഇക്കോളജി രാഷ്ട്രീയം തന്നെ**
**– ആന്ദ്രെ ഗോർസ്**
**(പരിഭാഷ: കെ. രാമചന്ദ്രൻ)**
2013 നവംബറിൽ കണ്ണൂർ, കോഴിക്കോട്, തൃശൂർ ജില്ലകളിൽ വച്ച് പ്രകാശനം ചെയ്യുന്നു. ഒപ്പം ദേശീയ സെമിനാറും.

**മൂല്യങ്ങളെ മാനിക്കുക,**
**പിന്തുണയ്ക്കുക**
പണവും സ്വർണ്ണവും
വിലപിടിച്ച വസ്തുക്കളും
നഷ്ടപ്പെട്ട് ദുഃഖിച്ചവർക്ക്
കളഞ്ഞുകിട്ടിയത് തിരിച്ചേൽപ്പിച്ചവരുടെ
**കൂടിച്ചേരൽ**
**അനുഭവങ്ങൾ പങ്കുവയ്ക്കൽ**
2013 ഒക്ടോബർ 20, ഞായർ 3 മണിക്ക്
തൃശൂർ സാഹിത്യ അക്കാദമിയിൽ
*ബന്ധങ്ങൾക്ക്: 9895148998*

പശ്ചിമഘട്ട സംരക്ഷണ കാമ്പയിൻ
**പ്രൊഫ. മാധവ് ഗാഡ്ഗിൽ**
2013 നവംബർ 8ന്
തൃശൂരിൽ സംസാരിക്കുന്നു.
*ബന്ധങ്ങൾക്ക്: 9447475661*

ഞാൻ ആത്മാർത്ഥമായും വിശ്വസിക്കുന്നു ഒരു കുഞ്ഞിനായാലും അവനെ കൈപിടിച്ചു നയിക്കുന്ന രക്ഷിതാവിനായാലും ഹൃദയസ്പർശിയാകുക എന്നതിന് ഒരിക്കലും പകരമാകില്ല അറിയുക എന്നത്. വിവരങ്ങൾ അറിവും ജ്ഞാനവും ഉള്ളിലൊളിപ്പിച്ച വിത്തുകളെങ്കിൽ, അവ മുളപൊട്ടി വരേണ്ട ഉർവ്വരഭൂമികയാണ് വികാരങ്ങളും അനുഭവങ്ങളും ചേർന്ന ഇന്ദ്രിയാനുഭവങ്ങൾ. ശൈശവത്തിന്റെ പൂർവ്വ വർഷങ്ങളാണ് ഈ വിളഭൂവൊരുക്കേണ്ട നല്ല നേരം. സൗന്ദര്യാനുഭൂതി, നവ്യവും അജ്ഞേയമായവയ്ക്കു നേരെയുള്ള ആവേശം, കാരുണ്യഭാവം, സ്നേഹം, സഹാനുഭൂതി ഈ വികാരങ്ങൾ ഉണർന്നതിനുശേഷമേ ഈ വൈകാരിക പ്രതികരണങ്ങൾ ഉണ്ടാക്കിയ വസ്തുക്കളെക്കുറിച്ചുള്ള അറിവുകൾക്കായി നാം ആഗ്രഹിക്കുകയുള്ളൂ. ഒരിക്കൽ ഇതു കണ്ടെത്തിക്കഴിഞ്ഞാൽ അതിന്റെ ആന്തരാർത്ഥം അവിരാമമായിരിക്കും. ഉൾച്ചേരാൻ ഞെരുക്കമുള്ള വിവരങ്ങൾ ചെലുത്തുന്നതിലും പ്രധാനം കുഞ്ഞ് അറിയാൻ ആഗ്രഹിക്കുന്നവയിലേയ്ക്കുള്ള പാതയൊരുക്കുക എന്നതു തന്നെയാണ്. ■